മി. സ്പീക്കർ: പാലക്കാട് എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപക സമരം മൂലം കോളേജിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുന്ന തിനെസംബന്ധിച്ചും ഗവൺമെന്റ് ഈ പ്രശ്നത്തിൽ കാണിക്കുന്ന അനാസ്ഥയെസംബന്ധിച്ചും റൂം 61 അനുസരിച്ച് ശ്രീ. ശിവരാമഭാരതി നോട്ടീസ് കൊണ്ടുവന്നിട്ടുണ്ട്. ഇന്നു ഡിമാൻറു ചർച്ചാവേളയിൽ അതിനെപ്പറ്റി സംസാരിക്കാവുന്നതാണ്.

കേരളാ ബോയ്ലേഴ്സ് ഫ്ളോർകോയ്ണിറ്റ് എന്ന പേരിൽ (കൊല്ലം) പരവൂരിൽ പ്രവർത്തിക്കുന്ന യന്ത്രവൽക്കൃത കയർ ഫാക്ടറിയിലെ തൊഴിലാളികളും കൂലിക്കുടുതലിനും മറ്റും വേണ്ടി കഴിഞ്ഞ 80 ദിവസങ്ങളായി നടത്തുന്ന തൊഴിൽസമരം ഒത്തുതീർപ്പിലെത്തിക്കേണ്ട പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് റൂം 61 അനുസരിച്ച് ശ്രീ. സി. കെ. ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട് . അതു ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

REPORT OF THE COMMITTEE ON PRIVATE MEMBERS' BILLS AND RESOLUTIONS

Mr. Speaker: Shri Aboo may present the Report of the Committee on Private Members' Bills and Resolutions.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1970–ലെ രണ്ടാമത്തെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

REPORT OF THE BUSINESS ADVISORY COMMITTEE

Shri T. K. Divakaran: Sir, I move that the Fourth Report of the Business Advisory Committee in 1970 be adopted.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ റിപ്പോർട്ടിനകത്ത് 13–ാം തീയതി വച്ചിരുന്ന അജൻറയിൽ ആദ്യം കൊള്ളിച്ചിരുന്ന അനൗദ്യോഗിക ദിവസം തന്നെയാണ് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച കൊള്ളിച്ചിരുന്നത്. ആ ചർച്ചമാത്രം മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ടുള്ളതായാണ് കാണുന്നത്. ഇങ്ങനെയൊരു തീരുമാനം ഞാൻ പങ്കെടുക്കുന്ന സമയത്ത് ബിസിനസ് അഡ്വൈസറി കമ്മിറ്റി എടുത്തിരുന്നില്ല. ചർച്ച വന്നത് 13–ാം തീയതി വച്ചിട്ടുള്ള അജൻറാ മറെറാരു ദിവസത്തേക്കു മാറ്റിവച്ചിട്ട് 13–ാം തീയതി ഒഴിവു ദിവസമാക്കണമെന്ന അഭിപ്രായം വരികയും അതിനെ അനുകൂലിക്കാൻ നിവൃത്തിയില്ലെന്നു പറയുകയും ചെയ്തു. 13–ാം തീയതി വച്ചിരുന്ന അനൗദ്യോഗിക ദിവസ ചർച്ച മറെറാരു ദിവസത്തേക്കു മാറ്റിവയ്ക്കണമെന്ന അഭിപ്രായമാണ് വന്നിട്ടുള്ളത്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കറുമായി പിറേറദിവസം സംസാരിച്ചപ്പോഴാ മനസ്സിലായിട്ടുള്ളത്, 13–ാം തീയതി വച്ചിരുന്ന അജൻറാ ആകെ മാറ്റണമെന്ന അഭിപ്രായം നിരാകരിക്കപ്പെട്ടതിനുശേഷം 13–ാം തീയതി വച്ചിരുന്ന അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയും അനൗദ്യോഗിക കാര്യങ്ങളും രണ്ടും ഒരുമിച്ചെടുക്കുന്നതിനുപകരം ആ ചർച്ച മാറ്റിവച്ചു തീരുമാനം എടുത്തിട്ടുള്ളതായാണ് കാണുന്നത്. ഏതായാലും ഞാനുണ്ടായിരുന്ന സമയത്ത് അങ്ങനെയൊരു അഭിപ്രായമോ തീരുമാനമോ ഉണ്ടായില്ല. ഇതു നിർഭാഗ്യകരമായിപ്പോയി. ഇങ്ങനെയൊരു തീരുമാനം റിപ്പോർട്ടിൽ വന്നിട്ടുള്ളതെങ്ങനെ ആണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. ടി. എ. മജീദ്: ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത് സഭാനേതാവും പ്രതിപക്ഷനേതാവുമായി ആലോചിച്ചു പറയാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇത് അന്യതന്നെ തീരുമാനിച്ചിട്ടുള്ളതാണ് 13–ാം തീയതി അനിശ്ചിതമായിരിക്കുന്നതുകൊണ്ട് അപ്രോപ്രിയേഷൻ ബിൽ വേറൊരു ദിവസത്തേയ്ക്കു മാറ്റണമെന്ന് അപ്പോഴത്തന്നെ തീരുമാനിച്ചതാണ്. അതിനു ശേഷം പിറേറദിവസമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത് മാറ്റിവയ്ക്കാനൊക്കുകയില്ലെന്ന്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതു ചർച്ചചെയ്തില്ലെന്നുമാത്രമല്ല ഇത് വോട്ടിംഗിനുള്ള സംഗതിയായതുകൊണ്ട് മാറ്റിവയ്ക്കരുതെന്നായിരുന്നു മൊത്തത്തിലുള്ള അഭിപ്രായം. ശ്രീമാൻ കരുണാകരൻ പ്രധാനമന്ത്രി വരുന്നതുസംബന്ധിച്ച പരിപാടികളിൽ സംബന്ധിക്കാൻ അവസരം വേണമെന്നുള്ള നിലയിലാണ് അദ്ദേഹത്തിൽനിന്നും അഭ്യർത്ഥനയുണ്ടായത്. അങ്ങനെ ഈ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കണമെന്നുള്ള നിലയിൽ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: നമ്മം കൂടിയിരുന്നിട്ട് അന്യോന്യം സംസാരിച്ച കാര്യങ്ങളും ശരിയാണോ തെറ്റാണോയെന്നുള്ള നിലയിൽ ഇവിടെ ഒരു ചർച്ച നടത്തുന്നത് ശരിയല്ല. അതിൽ ആരെയും അവിശ്വസിക്കേണ്ട പ്രശ്നമില്ല.

ശ്രീമതി. കെ. ആർ. ഗൗരി: ഇനിമേലെങ്കിലും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി മിനിട്ട്സിൽ മെമ്പറൻമാരെക്കൊണ്ട് ഒപ്പിടുവിക്കുന്നത് നന്നായിരിക്കും. സാധാരണ ഇവിടെയുള്ള എല്ലാ കമ്മിറ്റികളുടെയും സെലക്ടുകമ്മിറ്റിയുടെപോലും മിനിട്ട്സ് മെമ്പറൻമാരെക്കൊണ്ടു ഒപ്പിടുവിക്കുന്ന പതിവുണ്ട്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ കാര്യത്തിലും അങ്ങനെ ഒരു നടപടിസ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഏതു കമ്മിറ്റിയുടെ മിനിട്ട്സിലും ചെയർമാൻ മാത്രമേ ഒപ്പിടാറുള്ളു. ഈ കമ്മിറ്റിയുടെ ചെയർമാൻ ഗ്രഹപ്പിഴയ്ക്കു ഞാനാണ്. ഞാൻ ഒപ്പിടുകയും ചെയ്തു. അവിടെനടന്ന സംസാരത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുകയില്ലെന്നു കരുതിയാണ് ഒപ്പിട്ടത്. ഏതായാലും ഈ കാര്യത്തിൽ ഒരു തെറ്റിദ്ധാരണയുണ്ടായത് ഖേദകരമായിപ്പോയി.

ശ്രീ. മുസ്തഫാ കമാൽ: ഇനിയും തെറ്റിദ്ധാരണകളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാവുകയാണെങ്കിൽ എന്താണ് ഒരു പരിഹാരം.

മി. സ്പീക്കർ: കമ്മിറ്റിയിൽ സംസാരിച്ച് അഭിപ്രായവ്യത്യാസമുണ്ടാവുകയാണെങ്കിൽ എല്ലാം പരസ്യമായിട്ട് ഇവിടെത്തന്നെ അങ്ങു പറയുകയായിരിക്കും നല്ലത്. എന്നാൽ പിന്നെ അഭിപ്രായവ്യത്യാസമുണ്ടാകുകയില്ലല്ലോ. ടേപ്പ് റിക്കാർഡുണ്ട് ഇവിടെയാകുമ്പോഴം. അതുകൊണ്ട് പറഞ്ഞോ പറഞ്ഞില്ലേ എന്നുള്ളതിനെപ്പറ്റി ചർച്ചചെയ്തു ആരുടെയും ഉത്തമവിശ്വാസത്തെ ചോദ്യം ചെയ്യണ്ട.

The Report was adopted.

2/3022/MG

LIBRARY ARCHIVES Kerala Legislative Assembly